# പൂക്കൈത

കെ. ജി. എസ്.



പൂക്കൈത
കെ. ജി. എസ്.
(മലയാളം: കവിത)

© 2020, K. G. S.

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Untitled, a painting by Humberto Antonio Muniz. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പൂക്കൈത



വൃദ്ധൻ ഒറ്റയ്ക്ക് താമസം, ഒറ്റമുറിവീട്ടിൽ;
വൈക്കം കായലിന്റെ ഓരത്ത്.
എങ്ങുന്നോ എന്നോ വന്നൊരാൾ; സിദ്ധനോ
മുൻനക്സലൈറ്റോ മായാവിയോ.
കാണാൻ വരുന്ന പലരും.
ഭാവനയിൽ വൈക്കം പലരാക്കി വൃദ്ധനെ.
നിലാവത്ത് കായലിന് മേലേ ഉലാത്തുന്നൊരാൾ,
ചിലർ കണ്ടു.
കായൽക്കാറ്റിൽ ആ ജുബ
കാണാത്തോണിക്ക് പായ;
ചിലർ കണ്ടു. ചിതറി വൃദ്ധൻ
ചരിത്രത്തിൽ നിന്ന് കെട്ടുകഥകളിലേക്ക്.
കെടുന്നില്ലൊരു വീട്ടിലും
കെട്ടുകഥ വേവും അടുപ്പ്.

സ്കൂൾ വിട്ട് മടങ്ങും വഴി മൂന്നദ്ധ്യാപകർ
സാഹസികരായി: ഇന്നറിയണം നിജം.

രണ്ട്


വൃദ്ധൻ പറഞ്ഞു: സാറുമ്മാരെ, എന്റെ പേർ സംഭവൻ.
മുംബൈയിലും അഹമ്മാദാബാദിലും
തുണിമിൽത്തൊഴിലാളി.
ദത്താസാമന്ത് എന്ന ഡോക്ടർ സാബിന്റെ
യൂണിയനിലെ രണ്ടര ലക്ഷത്തിലൊരു കനൽ.
ഗുജറാത്തി, മറാത്തി, ഹിന്ദി, അന്ന് വശമായി.
എന്നെപ്പറ്റിപ്പറയാൻ ദലിത് കവി
യശ്വന്ത് വഗേലയുടെ രീതിയാണെളുപ്പം:

എന്റെ കുലം അയ്യങ്കാളിയുടെ
തല ശംബൂകന്റെ
കൈ ഏകലവ്യന്റെ
മനസ്സ് കബീറിന്റെ
സ്വപ്നം നെരൂദയുടെ
വെളിവ് നീതിവംശത്തിന്റെ.
നേരം പോയ് നേരം പോയ് പാടി ഞാൻ
വിലങ്ങില്ലാ വാക്ക് വിതയ്ക്കാൻ കൂടി
തീണ്ടലില്ലാ കൂടൽ വളർത്താൻ കൂടി
ഓരുവെള്ളം പോലെ ദുർഭൃതം
ഭാവിക്കണ്ടത്തിലേക്കൊഴുകുന്നത് തടയാൻ കൂടി
രാജ്യം നീതിക്കവിതയാക്കാൻ കൂടി.

കൂട്ടക്കൊലയുടെ കാലത്ത്
ഗുജറാത്ത് ചോദിച്ചു:
ബീവീം മോളും വെന്തു; നിനക്കെന്ത് വേണം?
ചാവണോ കൈകാൽ വെട്ടി വിടണോ?
ഓടിയോടി വെറുപ്പിന്റെ തീപ്പുരയിൽ നിന്ന്
പുറത്തെത്തിയപ്പോൾ ഞാനൊരു പുകച്ചുരുൾ.
ഞാനെന്റെ മായൽ കാണുകയാണെന്ന് തോന്നി.
കോശങ്ങളിൽ ലോകമെഴുതിയ
ക്ഷോഭപ്രമാണങ്ങൾ മായുന്നെന്ന് തോന്നി.
എഴുത്തെല്ലാം മാഞ്ഞ കൽത്താളുമായി
എന്റെ മോശ മരുഭൂമിയിൽ ഒറ്റപ്പെട്ടെന്ന് തോന്നി.
ഒറ്റപ്പെടലും കൊല്ലപ്പെടലെന്ന് തോന്നി.
ഏറ്റുവിളിക്കാനാള് വേണം
മുദ്രാവാക്യത്തിന് ജീവിക്കാൻ.
കൂട്ട് വേണം പാട്ടിന് ജീവിക്കാൻ.

പട്ടിക്കതിന്റെ വാൽ പിടികിട്ടുന്നില്ല;
എനിക്കെന്റെ മനസ്സും;
ആ സമരവട്ടത്തിൽ ചുറ്റിക്കറങ്ങി,
സൂചിപ്പെരുപ്പം കൊണ്ട്
നേരഭ്രമം ബാധിച്ച എന്റെ ഘടികാരം.

ആളിന്റെ തെളിമ നോക്കി
വാഴ്വിന്റെ എളിമ നോക്കി
പുസ്തകങ്ങളെ നോക്കി,
മനസ്സിലാകായ്കയിലും മതിപ്പ് തോന്നി,
മാഷന്മാർ മടങ്ങി.
കണ്ടോ കേട്ടോ മനസ്സിൽ നിന്ന
ഗാന്ധിയൻ/ മാർക്സിയൻ/അംബേദ്കേറിയൻ
ഛായകളിൽ കുടയൂന്നി,
വൃദ്ധന്റെ കൊമ്പും തുമ്പിയും ചെവിയും കാലും
വർണ്ണിച്ചും തർക്കിച്ചും മാഷന്മാർ
കടവത്തേക്ക് നടന്നു.



മൂന്ന്

ഞാനറിയും മൂപ്പരെ,
മാങ്ങാട്ട് രത്നാകരൻ പറഞ്ഞു;
പോയിട്ടുണ്ട് ഞാനാ ഒറ്റമുറിയിൽ
ചിന്തരവിക്കൊപ്പം.
കെ. പി. ആറിന്റെയോ പാറയുടേയോ
വടിവിലൊരു വൃദ്ധകനൽ.

രവി ചോദിച്ചു:
എപ്പോഴും സന്ദർശകർ; ആളൊഴിഞ്ഞെപ്പൊഴാ
കള്ളച്ചരിത്രത്തിനെതിരേ
നേർച്ചരിത്രമെഴുത്ത്?

വേണേൽ നേരം വേരിലും കായ്ക്കും, രവീ;
വേണംന്ന് തോന്നണം.
ആൾവരവ് വിശ്വാസ, സംശയ, വരവ്.
ഞാനത് രസിക്കുന്നു.
കാണുമ്പോൾ ഏകവചനം
കേൾക്കുമ്പോൾ ബഹുവചനം, വരുന്നവർ.
നേടുന്നു വരവേതിലും ഞാൻ, വൃദ്ധൻ ചിന്താസക്തൻ,
തത്വസുഖമെന്തെങ്കിലും;
തേടുന്നു പ്രത്യാശ, മൃത്യുഞ്ജയ രഹസ്യവും.
കോരുന്ന മീനെല്ലാം ചോരുന്നു
വാർദ്ധക്യത്തിന്റെ വലിയ വലക്കണ്ണിയിലെങ്കിലും.

ആരും വരാനില്ലാത്തപ്പോൾ വരും
തോണിക്കാരന്റെ കൂക്ക്, സമയം തുഴയും
നീണ്ട് നീണ്ടൊരു വാക്ക്;
ഉച്ചഭാഷിണിയിലൂടെ വരും സക്കറിയയോ
ഇളയിടമോ കപിക്കാടോ ചുള്ളിക്കാടോ
രാജീവനോ സച്ചിയോ കാരശ്ശേരിയോ
സമയം തുറക്കും വെയിൽ.
നാളെ വരും ശ്രീരാമനും ക്യാമറയുമെന്നെ
വേറിട്ട കാഴ്ചയാക്കാനെന്നോർമ്മ വരും.
കായൽക്കയം മുഴക്കി വരും വാനമ്പാടി
ജീവനെരിഞ്ഞ് പാടി വരും രാപ്പാടി, വരും
ഉള്ളിലൊരു കിളി പാടും വാക്ക്, കവിത;
പൊയ് കീറും വജ്രം
നേരുറും ഉറവ
നാലും ആറും നാനോപ്പൊരുളുമാടും വാക്ക്.

കായലറിയുമാദ്യം
ഇരുളിന്റെ വെളിവിന്റെ വരവ്;
വാക്കിലറിയുമാദ്യം
ഭ്രാന്തിന്റെ പ്രിയത്തിന്റെ വരവ്.
ദുരന്ത ശുഭാന്തങ്ങൾ.
വെറുപ്പല്ല സ്നേഹത്തിന്റെ വിപരീതപദം
ഭ്രാന്തെന്ന് കേഴും ഭാഷ.
പെണ്ണും ദളിതും നീതിയും തെളിക്കപ്പെടുന്നത്
ബലിക്കുറ്റിയിലേക്കെന്ന് കാണിക്കും.
ആത്മഹത്യയ്ക്കുള്ള ഭ്രാന്തൻ തയ്യാറെടുപ്പിലാണ്
ലോകമെന്ന് തോന്നിക്കും.
ഞാനെന്നിൽ പതുങ്ങിയിരിക്കുന്നെന്ന്
തോന്നിക്കും.
ചരിത്രം കൊള്ളിവാക്ക് കൊണ്ടെന്നെ
പൊള്ളിക്കുന്നെന്ന് തോന്നും.
പകൽ വീഴ്ത്താനാവാഞ്ഞ വന്യമൃഗങ്ങളെ
ഗുഹയുടെ രാച്ചുമരിൽ ഞാൻ കോറി വീഴ്ത്തും.
പീഡിപ്പിച്ച ബോസിനെ പെൺവാക്ക്
നീതിമുനയിൽ തറച്ചെന്ന് കേൾക്കും.
പീഡനത്തുറുങ്കിൽ നിന്ന് നീതി
മോചിതസുന്ദരിയായി ഇറങ്ങി വരുന്നെന്ന് തോന്നും.
മുറ്റത്തൊഴിഞ്ഞ് നിൽക്കുന്ന
നിഴലിന്റെ മൌനത്തിലെ തീയുടെ തഴമ്പ്
സി. അയ്യപ്പന്റെ കഥ കാണിക്കും.
വരാനാരുമില്ലാത്തപ്പോളിങ്ങനെ മുനകളായ്
വന്നു തറയാറുണ്ടെന്റെ
രാക്കാതിൻ പനമ്പുവാതിലിൽ വാക്ക്.

നാല്

മനസ്സുരുകി ഞാൻ തുക്കാറാമിനോട് ചോദിച്ചു:
തുക്കാറാം,
ഈ വാക്കുകളോ നീ ചൂടുന്ന
ഒരേയൊരാഭരണം?
നിന്നെ ജീവിപ്പിക്കുന്ന
ഒരേയൊരന്നം?
നീയണിയുന്ന
ഒരേയൊരു വസ്ത്രം?
നീ വാരിവിതറുന്ന
ഒരേയൊരു ധനം?

അഞ്ച്

പറയില്ല ഞാൻ പൂക്കൈതയെ[1] സൂര്യനാക്കിയ
പഴയ പോരാട്ടം പാഴായെന്ന്; വേദികളിൽ
ആളിക്കുന്നുണ്ട് വിവേകികൾ
നേരം പോയ് നേരം പോയ് എന്ന
നീതിപ്പാട്ടിലെ തുല്യനീതിയുടെ എതിർജ്യോതി.

1. "അവരുടെ പൂക്കൈതയ്ക്ക് ഇവിടെ സൂര്യൻ എന്ന് തന്നെയാണ് അർത്ഥം."—കവിയൂർ മുരളി. ദലിത് ഭാഷ, പേജ് 106.



ഡ്രോയിങ്: വി. ആർ. സന്തോഷ്
ചിത്രങ്ങൾ: വി. മോഹനൻ

□

# ഓഡിയോ ഫയലുകൾ

വാക്കനൽ വീട് പ്രതിവാര സാഹിത്യചർച്ചയിൽ (08-11-2020 രാത്രി 7.30) കെ. ജി. എസിന്റെ പൂക്കൈത എന്ന കവിതാ ചർച്ചയിലെ വിഷയാവതരണ പ്രഭാഷണത്തിന്റെ ശബ്ദരൂപം:

| സച്ചിദാനന്ദൻ പൂക്കൈതയെപ്പറ്റി—1 |
|---|

| Audio 2 | Audio 3 | Audio 4 | Audio 5 |
|---|---|---|---|

# പ്രസിദ്ധ കവി ശ്രീ. കെ. ജി. എസിന്റെ പൂക്കൈത എന്ന കവിതയിലൂടെയുള്ള വായനാനുഭവങ്ങൾ

## വെളിച്ചം വിതറും പൂക്കൈത

–ബദറുന്നീസ, എ.

പ്രിയപ്പെട്ട കവി കെ. ജി. എസ് 2018-ൽ എഴുതിയ കവിതയാണ് പൂക്കൈത. അഞ്ചു ഭാഗങ്ങളിലായി എഴുതിയ ഈ കവിതയിൽ ഒരു ചലച്ചിത്രത്തിലെ പല ഫ്രെയിമുകളെ പോലെ വ്യക്തിയും സമൂഹവും കാലവും ചരിത്രവും ചേർത്തു വെച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ കവിതയുടെ അടിയൊഴുക്കുകൾ അറിയണമെങ്കിൽ അത്രയും ആഴങ്ങളിലേക്ക് നമ്മൾ ഊളിയിടേണ്ടതുണ്ട്. കവിത എന്നത് എങ്ങനെ ഒരു സാമൂഹ്യ പാഠം ആകുന്നു എന്നതിന് ഉത്തമോദാഹരണമാണ് പൂക്കൈത എന്ന കവിത. മഹാഭാരതകഥയിൽ പറയുന്ന അർജ്ജുനന്റെ അമ്പെയ്ത്ത് പോലെ ഈ കവിതയിലെ ഓരോ വരിയും എടുക്കുമ്പോൾ ഒന്ന് ചിന്തിക്കുമ്പോൾ പത്ത് മനനം ചെയ്യുമ്പോൾ ആയിരം എന്നതുപോലെ അനന്തസാധ്യതകൾ തുറന്നുകാട്ടുന്നുണ്ട്.

വൈക്കം കായലിന്റെ ഓരത്ത് ഒറ്റമുറിവീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന ഒരു വൃദ്ധനിൽ നിന്നാണ് കവിതയുടെ ഒന്നാം ഭാഗം ആരംഭിക്കുന്നത്. എന്നോ എവിടുന്നോ വന്നുചേർന്ന അയാളെക്കുറിച്ച് പിന്നീട് നാട്ടിലെ ഓരോ അടുപ്പിലും കെട്ടുകഥകൾ വെന്തു തുടങ്ങുന്നു. ഒരേസമയം സിദ്ധനും നക്സലൈറ്റും മായാവിയും ആയി നാട്ടുകാരുടെ ഉള്ളിൽ കഥകൾ മെനയാൻ പ്രേരകമായി മാറുന്ന ആ വൃദ്ധൻ. സമൂഹത്തിന്റെ ഒഴുക്കിന് അനുസരിച്ചല്ലാത്ത ജീവിതങ്ങൾ, പ്രത്യേകിച്ച് ഒറ്റപ്പെട്ട ജീവിതങ്ങൾ എത്തിനോട്ടത്തിന്റെ ജനൽപാളി തുറന്നു കൊടുക്കുമല്ലോ മറ്റുള്ളവർക്ക്. നാട്ടുകാരുടെ ഭാവനയിൽ അയാൾ നിലാവത്ത് കായലിനു മേലെ ക്രിസ്തുവിനെപ്പോലെ ഉലാത്തി. അപ്പോൾ കായലിലെ കാണാത്ത തോണിയുടെ പായപോലെ വൃദ്ധന്റെ ജുബ്ബ കായൽക്കാറ്റിൽ പാറിക്കളിച്ചു. കെട്ടുകഥകളുടെ വെള്ളവും വളവും സ്വീകരിച്ച് ജനമനസ്സിൽ ആ വൃദ്ധമരം വളരുമ്പോഴാണ് സത്യാവസ്ഥ അറിയാൻ മൂന്ന് അധ്യാപകർ വൃദ്ധനെ കാണാൻ എത്തുന്നത്. ക്രിസ്തു പരിവേഷം നേരത്തെ തന്നെ കല്പിച്ചു കിട്ടിയതുകൊണ്ട് ക്രിസ്തുവിനെ കാണാനെത്തിയ മൂന്ന് ജ്ഞാനികളെ ഓർമ്മിപ്പിക്കുന്നുണ്ട് ഈ മൂന്ന് അധ്യാപകർ.

കവിതയുടെ രണ്ടാം ഭാഗം വൃദ്ധന്റെ വെളിപ്പെടുത്തലും ആത്മപ്രകാശനവുമാണ്. നാട്ടുകാരുടെ ഭാവനയിൽ അമാനുഷനും മായാവിയുമായി തീർക്കപ്പെട്ട വൃദ്ധൻ ആത്മകഥനത്തിലൂടെ പുറന്തോട് പൊളിച്ച് പുറത്തു വരുന്നു. അതോടെ അയാൾ ഒരു വ്യക്തി എന്നതിൽ നിന്നും പലതായി ചിതറുന്നു. കാലത്തെ പ്രതിനിധാനം ചെയ്യുന്ന ചരിത്രപുരുഷനും വിശ്വമാനവനും ആയിത്തീരുന്നു. കാലദേശങ്ങൾക്ക് അതീതമായി വൃദ്ധൻ സാർവ്വലൗകികമായ ഒരു ബിംബമായി തീരുന്നു. സംഭവൻ എന്ന പേരിൽ നിന്നുതന്നെ ആൾ കാലത്തിന്റെ ഒരു പ്രതിനിധിയോ സാക്ഷിയോ ഒക്കെ ആണെന്ന് ബോധ്യമാവും. ലോകത്ത് സംഭവിച്ചിട്ടുള്ളതും സംഭവിക്കാനിരിക്കുന്നതുമൊക്കെ അയാളെന്ന ബിംബത്തിലൂടെ കടന്നുപോകുന്നു. അങ്ങനെയാണ് അയാൾ ഒരു വ്യക്തി അല്ലാതെ കാലമോ ചരിത്രമോ ഒക്കെ ആവുന്നത്. മഹാരാഷ്ട്രയിലെ പ്രമുഖ തൊഴിലാളി യൂണിയൻ നേതാവായ ദത്താ സാമന്തിന്റെ തൊഴിലാളി യൂണിയനിലെ രണ്ടര ലക്ഷത്തിലൊരു കനൽ എന്നു പറഞ്ഞ് പരിചയപ്പെടുത്തിയ അയാൾ ദലിത് കവിയായ യശ്വന്ത് വഗേലയുടെ വരികളോട് തന്നെ സ്വയം ചേർത്തുവെക്കുന്നു. വഗേലയുടെ വരികളിലൂടെ അയ്യങ്കാളിയും ശംബൂകനും ഏകലവ്യനും കബീറും നെരൂദയുമെല്ലാം ഒന്നുചേർന്ന വ്യക്തിത്വമായി അദ്ദേഹം അവതരിപ്പിക്കപ്പെടുന്നു. എന്റെ ഗുരുനാഥൻ എന്ന കവിതയിൽ വള്ളത്തോൾ ഗാന്ധിജിയെ പലരുടെയും ജീവാംശം കലർന്നതായി അവതരിപ്പിച്ചത് ഓർമ്മയിൽ വന്നു വഗേലയുടെ വരികൾ വായിച്ചപ്പോൾ. നാനാത്വത്തിൽ ഏകത്വം എന്ന സങ്കല്പത്തെ വിഭാവനം ചെയ്യുന്നുണ്ട് ഈ വരികൾ.

കാലത്തിന്റെ സൃഷ്ടിയായ സംഭവനിലൂടെ അയാൾ കണ്ടതും കേട്ടതും അനുഭവിച്ചതുമായ ലോകം മറനീക്കി പുറത്തുവരുന്നുണ്ട്. നേരം പോയ് നേരം പോയ് പൂക്കൈത മറപറ്റ്യേ എന്ന പഴയ നാടൻ പാട്ടിന്റെ വരികൾ പാടിക്കൊണ്ട് അയാൾ വിലങ്ങില്ലാത്ത വാക്ക് വിതയ്ക്കാനും, തീണ്ടൽ ഇല്ലാത്ത കൂട്ട് വളർത്താനും ദുർഭ്രതം ഭാവിക്കണ്ടത്തിലേക്ക് ഒഴുകുന്നത് തടയാനും രാജ്യത്തെ നീതിക്കവിതയാക്കാനും കൂടി. നീതിയുടെ ലോകം പുലരാൻ നേരം വൈകിയപ്പോൾ എങ്ങനെയൊക്കെയാണ് അയാൾ നീതിക്കായി നിലകൊണ്ടതെന്ന് ഈ വരികളിലൂടെ കാണാം.

ചരിത്രപുരുഷനായ സംഭവൻ ഓരോ കാലത്ത് ഓരോന്നിന്റെ പ്രതിനിധിയാണ്. ഗുജറാത്ത് കലാപകാലത്ത് അയാൾ കൈയും കാലും വെട്ടിയരിയപ്പെട്ട മുസ്ലിം പുരുഷനാണ്. ബീവിയെയും മോളെയും ചുട്ടുകൊന്നവർ അയാളോട് ചാവണോ കൈകാൽ വെട്ടി വിടണോ എന്ന് ചോദിച്ചപ്പോൾ ആ വെറുപ്പിന്റെ തീപ്പുരയിൽ നിന്ന് അയാൾ ഓടിയോടി പുറത്തെത്തി. അപ്പോഴേക്കും സ്വയമൊരു പുകച്ചുരുൾ ആയി സ്വന്തം മായൽ കാണുന്നതുപോലെ അയാൾക്ക് തോന്നി. ഒറ്റപ്പെടലിന്റെ ലോകമായിരുന്നു അയാളെ കാത്തുനിന്നത്. ഒറ്റപ്പെടൽ ഒരുതരം കൊല്ലപ്പെടൽ തന്നെയാണെന്ന തോന്നൽ അയാൾക്കുണ്ടായി. മുദ്രാവാക്യത്തിന് ജീവിക്കാൻ ഏറ്റുവിളിക്കാൻ ആളുകൾ ആവശ്യമായതു പോലെ, പാട്ടിന് ജീവിക്കാൻ കേൾക്കാൻ കൂട്ട് വേണം എന്നതുപോലെ ഒറ്റപ്പെടലിൽ കാലവും സ്വത്വവും തിരിച്ചറിയാനാവാതെ വാൽ എത്തിപ്പിടിക്കാൻ കറങ്ങുന്ന പട്ടിയെ പോലെ, സൂചികളുടെ പെരുപ്പം കാരണം നേരഭ്രമം സംഭവിച്ച ഘടികാരം പോലെയായി അയാൾ.

അയാളിലെ വ്യക്തിത്വത്തിലെ തെളിമയും എളിമയും കണ്ട്, വാക്കുകൾ കേട്ട് മുഴുവൻ മനസ്സിലായില്ലെങ്കിലും അധ്യാപകർ മതിപ്പോടെ മടങ്ങുന്നു. ആനയെ കാണാൻ പോയ അന്ധന്മാരെ പോലെ വൃദ്ധനെ ഗാന്ധിയോടും മാർക്സിനോടും അംബേദ്കറോടും തുലനപ്പെടുത്തി അവർ തർക്കിച്ചു നടന്നു. ഭാഗികമായി മനസ്സിലാക്കിയ വൃദ്ധനെ പൂർണ്ണത എന്നുകരുതി അവർ മടങ്ങി.

മൂന്നാം ഭാഗത്തിൽ ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ നിരവധിപേരെ പരാമർശിക്കുന്നുണ്ട്. സംഭവനെ കാണാനെത്തുന്ന പലരിൽ ആദ്യം പരാമർശിക്കപ്പെടുന്ന പേരുകൾ മാങ്ങാട്ട് രത്നാകരന്റേതും ചിന്ത രവിയുടേതുമാണ്. അവർ കണ്ട സംഭവന് കെ. പി. ആർ. ഗോപാലന്റെയോ ചിലിയൻ കവിയായ നിക്കാനോർ പാർറയുടെയോ രൂപമായിരുന്നു. വൃദ്ധകനൽ എന്ന പ്രയോഗം പ്രായംകൊണ്ട് തളർത്താൻ കഴിയാത്ത സമര വീര്യത്തെ പ്രകടിപ്പിക്കുന്നു.

എപ്പോഴും സന്ദർശകരുള്ളപ്പോൾ എപ്പോഴാണ് കള്ളച്ചരിത്രത്തിനെതിരെ നേർചരിത്രം എഴുതുന്നത് എന്ന ചിന്ത രവിയുടെ ചോദ്യത്തിന് മറുപടി വാക്കുകൾ മാറ്റിയ ഒരു പഴമൊഴി പോലെയായിരുന്നു. വേണമെങ്കിൽ നേരം വേരിലും കായ്ക്കും. ആവശ്യകതാബോധമാണ് സൃഷ്ടിയുടെ നിദാനം. ഗ്രീക്ക് ചിന്തകനായ പ്ലാറ്റോ പറഞ്ഞതുപോലെ Necessity is the mother of invention.

വിശ്വാസത്തോടെയോ അവിശ്വാസത്തോടെയോ ആയ വരവുകളേതിനെയും താൻ ആസ്വദിക്കുന്നുവെന്ന് പറയുന്ന സംഭവൻ. വരുന്നവരിൽ നിന്ന് ചിന്താസക്തനായ ആ വൃദ്ധൻ ലോകത്തിലെ അനീതിക്കെതിരെ പോരാടാൻ മൃത്യുഞ്ജയരഹസ്യം തേടുകയായിരുന്നു. എന്നാൽ വാർധക്യത്തിന്റെ ആ വലിയ വലക്കണ്ണിയിലൂടെ കോരിയ മീനുകളെല്ലാം ചോരുന്നതായി അയാൾക്ക് തോന്നി. എവിടെനിന്നും അയാൾക്കൊരു പരിഹാരമാർഗ്ഗം കിട്ടുന്നില്ല. ആരും വരാത്തപ്പോൾ കേൾക്കുന്ന തോണിക്കാരന്റെ കൂക്കൽ മറുകരയിലേക്കുള്ള ക്ഷണമാണ്. ഒപ്പം ഉച്ചഭാഷിണിയിൽ മറ്റുള്ളവർക്കായി കലഹിക്കുന്നവരുടെ ചില ശബ്ദങ്ങളും കേൾക്കുന്നു. സക്കറിയ, സുനിൽ പി. ഇളയിടം, സണ്ണി കപിക്കാട്, ചുള്ളിക്കാട്, ബി. രാജീവൻ, സച്ചിദാനന്ദൻ, കാരശ്ശേരി ഇവരൊക്കെ സമയം തുറക്കുന്ന വെയിലായെത്തുന്നു. ഇരുട്ട് ഭേദിക്കുന്ന വെളിച്ചമായി വരുന്നു. കവിതയുടെ ആദ്യഭാഗത്തിൽ എന്നപോലെ താൻ വീണ്ടുമൊരു കെട്ടുകഥയിലെ കഥാപാത്രമാകുമോ എന്നയാൾ സന്ദേഹിക്കുന്നുണ്ട്. വേറിട്ട കാഴ്ച എന്ന വി. കെ. ശ്രീരാമൻ പരമ്പരയിലെ ഒരു കഥാപാത്രം ആയേക്കാം താനെന്ന് സംഭവൻ ചിന്തിക്കുന്നു. എങ്കിലും അയാൾ നിരാശനല്ല. രാപ്പാടിയുടെ പാട്ട് പോലെ, കവിതയിലെ വരി പോലെ, നേര് ചൊല്ലുന്ന വാക്ക് നാനോപൊരുളായി വരുന്ന കാലം ഉണ്ടാകാതിരിക്കില്ല എന്നയാൾ പ്രത്യാശിക്കുന്നുണ്ട്. പെണ്ണും ദളിതരും നീതിയും തെളിക്കപ്പെടുന്ന കാലത്തെ അയാൾ സ്വപ്നം കാണുന്നുണ്ട്. പീഡനത്തിൽ നിന്ന് നീതി മോചിതസുന്ദരിയായി വരുന്നതും അയാൾ പ്രതീക്ഷിക്കുന്നു. ഏകാന്തതയിൽ അയാളുടെ സ്വപ്നങ്ങൾക്ക് അയാളങ്ങനെ ചിറകുകൾ തുന്നും. വാക്കിന്റെ ശക്തിയിൽ വിശ്വസിക്കുന്ന സംഭവൻ വാക്കിനെ ആഭരണമായും അന്നമായും വസ്ത്രമായും ധനമായും കണ്ട തുക്കാറാമിനോട് മനമുരുകി ചോദിക്കുന്നു. ആ വാക്കുകളിൽ ഒരു ദേശത്തിന്റെ മുറിവുകളുണ്ട്. ഒരു ജനതയുടെ നിശ്വാസമുണ്ട്.

പരാജയപ്പെട്ട സമരങ്ങളെല്ലാം പാഴല്ലെന്ന് പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ കവിത പ്രസരിപ്പിക്കുന്നത് ഒരു പോസിറ്റീവ് എനർജിയാണ്. ഇരുളിൽ മറഞ്ഞാലും പൂക്കൈത പിറ്റേന്നാൾ വെളിച്ചമായി വരും. ഇരുളിനെ ഭേദിക്കാനുള്ള വെളിച്ചവുമായ് എത്തുന്നത് നീതിപ്പാട്ടിലെ തുല്യനീതിയുടെ എതിർജ്യോതിയാണ്. അതിൽ ദളിതരും പീഡിതരും സ്ത്രീകളും ഉൾപ്പെടെയുള്ള എല്ലാ അരികുവല്ക്കരിക്കപ്പെട്ടവരും ഉണ്ടാകും.

കെട്ടുകഥ വേവും അടുപ്പ്, ഓരുവെള്ളം പോലെ ഭാവിക്കണ്ടത്തിലേക്ക് ഒഴുകുന്ന ദുർഭ്രതം, വെറുപ്പിന്റെ തീപ്പുര സൂചിപ്പെരുപ്പം കൊണ്ട് നേരഭ്രമം ബാധിച്ച ഘടികാരം വൃദ്ധകനൽ വാർദ്ധക്യത്തിന്റെ വലിയ വലക്കണ്ണി സമയം തുറക്കും വെയിൽ നാനോ പൊരുൾ എന്നിങ്ങനെ മനോഹര പ്രയോഗങ്ങൾ ഏറെയുണ്ട് ഈ കവിതയിൽ.

ഒറ്റയിൽ നിന്നും മൂന്നിലേക്കും മൂന്നിൽ നിന്ന് പലതിലേക്കും ഇതൾവിരിയുന്ന ഈ കവിതയിൽ സമകാലിക ഇന്ത്യയുടെയും കേരളത്തിന്റെയും ചരിത്രവും രാഷ്ട്രീയവുമെല്ലാം കണ്ണി ചേർക്കപ്പെട്ടിരിക്കുന്നു. Carol Hanisch എന്ന ഫെമിനിസ്റ്റ് 1968-ൽ ഉയർത്തിയ മുദ്രാവാക്യമാണ് Personal is political. സംഭവൻ എന്ന വ്യക്തിയിലൂടെ ഒരു ജനതയുടെ വികാരവിചാരങ്ങൾ പ്രകാശിപ്പിക്കുകയാണ് കവി ഈ കവിതയിലൂടെ. സംഭവൻ ഒരു വ്യക്തിയിൽ നിന്നും കാലത്തിന്റെ, ചരിത്രത്തിന്റെ പ്രതിനിധിയായി മാറുന്നു ഈ കവിതയിൽ.

കൈതപ്പൂവിന്റെ മണവും പൂക്കൈത എന്ന സൂര്യന്റെ പ്രഭയും ഒരേസമയം പ്രസരിപ്പിക്കുന്നുണ്ട് പ്രിയപ്പെട്ട കെ. ജി. എസ്. എഴുതിയ പൂക്കൈത എന്ന ഈ മൂർച്ചയുള്ള കവിത.

## പൂക്കൈത: വിയർത്തവരുടെ ഗന്ധം

–മാടായി സുരേഷ്

നേരം പോയ് നേരം പോയ് എന്ന പീഢിതന്റെ ആത്മരോദനത്തിലെ പൂക്കൈത എന്ന, മറപറ്റി വഴി നടക്കാനുള്ള യാഥാർത്ഥ്യത്തെ പിഴുത് ലോകാനുഭവമാക്കി പുഷ്പിപ്പിക്കുകയാണ് കവി പൂക്കൈത എന്ന കവിതയിലൂടെ.

എല്ലാപ്രദേശങ്ങളിലും ദുരിതം പാലായനങ്ങളിലേക്കുള്ള നിലവിളികളുടെ തുടക്കമാണ്. മനുഷ്യകുലത്തിന്റെ ആവിർഭാവം മുതൽ വംശം, വർണ്ണം, എന്നീ അധികാര സ്ഥാപനങ്ങളുടെ ക്രൂരതകൾ ഭീകരമാണ്.

അതോടൊപ്പം തന്നെ ദാരിദ്ര്യവും. പരിഹരിക്കാൻ കഴിയാത്ത വിശപ്പ് മറ്റ കരകൾ തേടി പോകാൻ ജീവികളെ നിർബ്ബന്ധിതരാക്കുന്നു. മനുഷ്യന്റെ ദാരിദ്യം, വിശപ്പ് എന്നിവ അധികാരം ഉണ്ടാക്കി നിലനിർത്തുമ്പോൾ, അതിനൊപ്പം തന്നെ ചെറുത്തുനില്പുകളും ഉയരും.

മറ്റൊരു വിഭാഗം അന്നമുള്ള മറുകര തേടിയോട്ടം. അങ്ങിനെയൊരു കാലത്ത് ബോംബേ, കൽക്കത്ത, ഗുജറാത്ത്, മദ്രാസ് നഗരങ്ങൾ പ്രതീക്ഷയുടെ വേദികളായിരുന്നു. അങ്ങിനെ നഗരങ്ങളിൽ നിന്നും നഗരങ്ങളിലേക്ക് പാലായനം ചെയ്യപ്പെട്ടുകൊണ്ടിരുന്ന ഒരു മനുഷ്യൻ ഒരു ദിവസം പെട്ടെന്ന് വൈക്കം കായലോരത്ത് എത്തിച്ചേരുകയാണ്.

യാഥാർത്ഥ്യത്തിന്റെ തീച്ചൂളയിൽ പൊരിഞ്ഞ ഒരാൾ.

ബോംബേയിൽ തൊഴിലാളി പ്രസ്ഥാനത്തോടൊപ്പം ഉത്ഭവത്തിലും വളർച്ചയിലും ചേർന്ന് നടന്നയാൾ, ഗുജറാത്തിലെ ക്രൂരമായ വർഗ്ഗീയലഹളയിൽ നിന്നും രക്ഷപ്പെട്ട് പുകച്ചുരുളായ് മാറിയ ഒരാൾ. ഇവിടെ പുകച്ചുരുളായ് മാറുന്നത് ഒരു വ്യക്തി മാത്രമല്ല, വിശ്വാസപ്രമാണങ്ങൾ, ആശയങ്ങൾ, ക്ഷോഭിക്കാനുള്ള മനസ്സ്. മരുഭൂമിയിൽ വഴിയറിയാതെ ഒറ്റപ്പെട്ടു പോയ ഒരു സമൂഹം. രക്ഷകനെയും കാത്ത്.

ആ സമൂഹമാണ് അയാൾ. ഒറ്റപ്പെടൽ കൊല്ലപ്പെടൽ കൂടിയാണെന്ന് കവി ഉറപ്പിക്കുന്നു.

പാട്ടുകൾ ജീവിതമായ് ആസ്വദിച്ചവർ. ജീവിത വിഷമങ്ങളെ മറികടക്കുവാനായ് ഉപയോഗിച്ച ഒരു തലമുറ. നേരം പോയ് നേരം പോയെന്ന സഹജീവികളെ ഓർമ്മിപ്പിച്ച് ഇരുളിലേക്കാണ്ടു പോകുന്നവരെ വിളിച്ചുണർത്തി, മണ്ണിൽ നിവർന്ന് നീതിയുടെ കവിത രചിച്ച മനുഷ്യർ.

ഗാന്ധി / മാർക്സ് / അംബേദ്കർ എന്നിവരായി പിരിച്ചെടുക്കുന്ന അയാളെ പഠിക്കാൻ അദ്ധ്യാപകർ.

ഇവരെല്ലാം ചേർന്നതാകാം അയാൾ. അങ്ങിനെ വായിക്കാതെ ഗാന്ധിസത്തിലൂടെ മാർക്സിസത്തിലേയ്ക്കും ലോകത്തിലേയ്ക്കും കയറിപ്പോയ ഒരാളെ ഇന്ത്യൻ വർത്തമാന രാഷ്ട്രീയത്തിലെ ദളിത് രാഷ്ട്രീയം മാത്രമായി ഒതുക്കുകയോ ചുരുക്കുകയോ ചെയ്യുന്ന രീതിശാസ്ത്രം അപകടകരം തന്നെയാണ്. രാഷ്ട്രീയ വ്യക്തികളെ ശരിയായി വിലയിരുത്താതെ രൂപപ്പെടുത്തുന്ന അഭിപ്രായങ്ങളുടെ വ്യക്തിനിഷ്ഠ പഠനങ്ങളെ കവി കാട്ടിത്തരുകയാണ്.

മാധ്യമങ്ങളുടെ വേറിട്ട കാഴ്ചയും ഈ അപനിർമ്മാണത്തിന്റെ സന്തതികളാണ്. തീവ്രമായ ആശയ മണ്ഡലത്തെ അവഗണിച്ചു കൊണ്ട് ഭാവനയുടെ, ഐതിഹ്യത്തിന്റെ പ്രകാശവലയം തീർത്ത് വ്യക്തികളിലെ യഥാർത്ഥ സത്തയെ ഊറ്റിക്കളഞ്ഞു വിഭ്രാത്മക വിവരണങ്ങളിലൂടെയുള്ള അപനിർമ്മാണം. അവയ്ക്കാണ് കച്ചവട സാധ്യതയും.

ജീവിതം രാഷ്ട്രീയമായ് ആസ്വദിച്ച കാലഘട്ടത്തിൽ, മനുഷ്യരെന്നോ പോരാളിയെന്നോ രേഖപ്പെടുത്താതെ ദൈവ പരിവേഷം നൽകി ആഘോഷിക്കുന്ന വർത്തമാന രാഷ്ട്രീയം കൂടിയാണിത്.

ഒറ്റപ്പെടുക എന്ന മരണ വിധിക്കു കീഴടങ്ങാതെ കായൽക്കരയിൽ എത്തിച്ചേർന്ന ഒരാൾ. അയാളെ പോലെ കായലും വിശാലമാണ്. പക്ഷേ, ഒഴുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. മറ്റൊരു കാലത്ത് അത് തിരിച്ചു വരാം.

ഒഴുക്കില്ലെങ്കിലും ജലക്കരയിലാണ്. ജീവന്റെ ആധാരമായ ജലം. നനഞ്ഞ കര വേരുകൾ പടർത്താൻ എളുപ്പം. ഒറ്റയായിട്ടും മണ്ണിന്റെ കനിവ് സൂക്ഷിക്കുന്ന കായലിന്റെ സ്നേഹിതനായ്.

പൂക്കൈത ജലത്തെ, നീരുറവയെ വറ്റാതെ കരുതി വെക്കുന്ന ചെടിയാണ്. പൂ വിരിഞ്ഞാൽ പരിസരമാകെ സുഗന്ധം നിറക്കുന്ന ചെടി.

കവിതയുടെ പേര് അർത്ഥവ്യാപ്തി നേടുന്നതിവിടെയാണ്. അയാൾ പൂക്കൈത തന്നെ.

നേരം പോയ് നേരം പോയ് എന്ന് നിരന്തരം സഹജരെ പാടിയുണർത്തുന്ന പോരാളിക്ക് പൂക്കൈത എന്നല്ലാതെ മറ്റെന്ത് പേരാണ് നൽകുക.

അതെ; നേരം പോയ് നേരം പോയ്... കാത്തു നില്ക്കുവാൻ നേരമില്ല. കൊല്ലാക്കൊല ചെയ്യുന്ന നീതിമാൻമ്മാരുടെ നിയമനിർമ്മാണങ്ങൾ നമ്മെ വരിഞ്ഞുമുറുക്കുകയാണ്.

പൗരത്വ ബില്ല്, ഏകീകൃത സിവിൽ കോഡ് നിയമങ്ങൾ സമൂഹത്തിലെ രക്ഷകരെ ഉന്മൂലനം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നു.

നീതിയെന്ന മനോഹര വാക്യത്തിലൂടെ അനീതിയുടെ കൈയേറ്റം, തുല്യനീതിയെന്ന വിഷം.

ജീവിക്കണോ മരിക്കണോ എന്ന സന്ദേഹമല്ല. എതിരുകളെ നേരം പോയ് നേരം പോയെന്ന പാടി ജ്വലിപ്പിച്ച് എതിർ ജ്യോതിയായ് മാറ്റുമ്പോഴാണ് നമ്മളും ജീവിക്കുന്നുണ്ട് എന്ന് തെളിഞ്ഞു വരിക.

എതിർ ജ്യോതി തെളിയുക തന്നെ ചെയ്യും എന്ന വലിയ പ്രതീക്ഷയിലേക്ക് നമുക്കും പാടാം.

## മറഞ്ഞിരിക്കുന്ന കവിത

–സീതാദേവി കരിയാട്ട്

കെ. ജി. എസിന്റെ പൂക്കൈത എന്ന കവിത വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പരിച്ഛേദമാണ്. പൗരത്വം നഷ്ടപ്പെടുന്നതും സത്വം നഷ്ടപ്പെടുന്നതും ഇക്കാലത്തിന്റെ ദുരന്തമുഖമാണല്ലോ? അരിക് പറ്റി ജീവിക്കേണ്ടി വരുന്നവന്റെ ആത്മകഥ പലപ്പോഴും നിലവിളിയിലോ കൊലവിളിയിലോ ആണ് അവസാനിക്കുക. അവന്റെ ചരിത്രം വർത്തമാനം മാത്രം. പച്ചമനുഷ്യനെക്കുറിച്ച് പറഞ്ഞു പരത്തുന്ന അറിവുകൾ പലതരത്തിലായിരിക്കാം. ഇത്തരമൊരു സത്യാന്വേഷണ പരീക്ഷണമാണ് ഈ കവിത. സൂര്യനെ പൂക്കൈത എന്ന് സംബോധന ചെയ്യുന്നത് തന്നെ കാവ്യാത്മകമാണ്. ഈ കവിതയിൽ ഒരു കഥയുണ്ട്. കഥയിൽ ഒരു ജീവിതമുണ്ട്. ഇരയാകേണ്ടി വരുന്നവന്റെ നരജന്മ കഥ. പല കോണുകളിൽ നിന്നും ഒരേ സൂര്യനെ കാണുന്നതുപോലെ പല കോണുകളിലൂടെ വായിക്കാവുന്ന കവിതയാണ് പൂക്കൈത.

കെ. ജി. എസിന്റെ കവിതകളുടെ സവിശേഷതയായി എനിക്ക് തോന്നിട്ടുള്ളത് ദൃശ്യപ്പെടാത്ത അദൃശ്യതയാണ്. ഒരു വാലോ തുമ്പോ നീട്ടി കവിതയിലേക്ക് വായനക്കാരെ കൊണ്ടു പോകുന്നു. ഒരു കണ്ണു കെട്ടിക്കളിയുടെ ത്രില്ലുണ്ടതിന്. ഒരു പട്ടിയുടെ കുരയ്ക്കും അതിനു പിന്നിലെ നിശ്ശബ്ദതയ്ക്കും അതിവിപുലമായ അർത്ഥവ്യാപ്തിയും നോട്ടത്തിൽ നിയമ വ്യവസ്ഥയുടെ ഭയാനകമായ അസ്വസ്ഥതയും, രാഷ്ട്രീയ മാനങ്ങളും കണ്ടെത്താൻ കഴിയുന്നതു പോലെ.

പൂക്കൈതയിലാവട്ടെ, എവിടെ നിന്നോ വന്നണഞ്ഞ വൃദ്ധൻ. കവിയോ, കവിതയോ ആകാമത്. നക്സലൈറ്റോ, മാന്ത്രികനോ, ദിവ്യനോ—മേൽക്കുപ്പായത്തിൽ പല ഐഡന്റിറ്റികൾ പ്രത്യക്ഷപ്പെടുന്നു. ഇതിൽ ചിത്രവും, ചരിത്രവും, കെട്ടുകഥകളും കെട്ടുപിണഞ്ഞു കിടക്കുന്നു. ചരിത്രത്തെ അറിയാൻ, (സത്യത്തെ) പുറപ്പെട്ട അധ്യാപകരാവട്ടെ സംഭവബഹുലമായ ഇന്ത്യൻ സാമൂഹ്യ ചരിത്രത്തെ കുലം, തല, കൈ, മനസ്സ്, സ്വപ്നം ഇവയൊക്കെ തരം തിരിച്ച് അയ്യങ്കാളിയിലേക്കും ശംബൂകനിലേക്കും, ഏകലവ്യനിലേക്കും നെരൂദയിലുമായി യാഥാർത്ഥ്യത്തിന്റെ ഒരു പകർന്നാട്ടം നടത്തുന്നുണ്ട്.

കവിതയെ സാഹിത്യ വിചാരണക്ക് വിധേയമാക്കുമ്പോൾ കവിതയോ കഥയോ കെട്ടുകഥയോ പൊള്ളുന്ന ജീവിത യാഥാർത്ഥ്യങ്ങളോ ആയി കവിത തുടങ്ങുന്നത് ഏകവചനത്തിലാണ്. ഒറ്റയാൾ, ഒറ്റമുറി വീട്, ഏകാന്തതയുമായി. എങ്ങുനിന്നോ വന്നൊരാൾ. പല കോണിലൂടെയുള്ള നോട്ടങ്ങൾ പലതാക്കുന്നുണ്ട് വൃദ്ധനെ. ഒറ്റപ്പെടലിന്റെ വ്യഥകളും രഹസ്യങ്ങളുടെ ജുബ്ബയുമായൊരുവൻ.

ഭ്രമാത്മകമായ ബിംബകൽപ്പനകളിൽ വൈക്കം കായലിലെ നിലാവല പോലെ നിദ്രാവിഹീനമാവുകയാണ്. ചരിത്രത്തിൽ നിന്ന് കെട്ടുകഥയിലേക്ക് ഭാവനയുടെ ആകാശത്തു നിന്ന് പൊള്ളുന്ന രാഷ്ട്രീയത്തിന്റെ നെരിപ്പോടിലേക്ക് കവിത പതഞ്ഞു പൊങ്ങുന്നു. ഓടിയോടി വെറുപ്പിന്റെ തീച്ചൂളയിൽ നിന്ന് പുറത്തെത്തിയപ്പോൾ പുകച്ചുരുൾ മാത്രമാണെന്നും പുകച്ചുരുൾ ചാരമാകാതെ വീണ്ടും അഗ്നിയായി പടരുന്നുമുണ്ട്. വാക്കുകൾ എയ്തെയ്ത് മുറിവേൽപ്പിക്കുന്ന കവിത സാധാരണ വായനക്കാരുടെ ബുദ്ധി ചിന്തകൾക്ക് ആകാശവാതിൽ തുറക്കുകയാണ്. പൊലിപ്പിക്കുന്ന അനിശ്ചിതത്വങ്ങളുടെ കനലാട്ടം കവിതയിൽ ചിതറിത്തെറിക്കുന്നു. തലച്ചോറിൽ ഇടിമിന്നൽ പോലെ പ്രജ്ഞയെ ഭ്രമിപ്പിക്കുന്ന ബിംബങ്ങളുടെ കുത്തൊഴുക്കായി വൈക്കം കായലിന്റെ കാണാക്കയങ്ങൾ സ്വപ്ന സമാനമായും, ഭയാനകമായ രാഷ്ട്രീയ ബോധ്യങ്ങളായും കവിത കൈപ്പിടിയിലൊതുങ്ങാതെ കുതറിയോടുന്നു. പറയാതെ പറയുകയാണ് പലതും.

□

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.